# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : * 301 | 24.02.2016-ൽ മറുപടിയ്ക്ക്

## പരിസ്ഥിതി സംരക്ഷണാവബോധം വളർത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു. കുരുവിള | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി) |
| എ) വളർന്നുവരുന്ന തലമുറയിൽ പരിസ്ഥിതി സംരക്ഷണാവബോധം വളർത്തിയെടുക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം? | എ) വളർന്നുവരുന്ന തലമുറയിൽ പരിസ്ഥിതി സംരക്ഷണാവബോധം വളർത്തിയെടുക്കുന്നതിനായി സാമൂഹ്യ വനവൽക്കരണ വിഭാഗം മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1) എല്ലാ വർഷവും പരിസ്ഥിതി ദിനമായ ജൂൺ 5 ന് പൊതുജന പങ്കാളിത്തത്തോടെയുള്ള വൃക്ഷവൽക്കരണപരിപാടിയായ **'ഹരിത കേരളം'** എന്ന പദ്ധതി നടപ്പാക്കി വരുന്നു. ത്രിതല പഞ്ചായത്തുകൾ, വിദ്യാർത്ഥികൾ, യുവജന സംഘടനകൾ, മത സ്ഥാപനങ്ങൾ , രാഷ്ട്രീയപാർട്ടികൾ എന്നിവയുടെ പങ്കാളിത്തത്തോടെയുള്ള പരിപാടിയാണ് ഇത്. ഹരിതകേരളം പദ്ധതിയുടെ കുടക്കീഴിൽ നടപ്പാക്കുന്ന ഒന്നുമുതൽ 9 വരെയുള്ള ക്ലാസിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി **എന്റെ മരം പദ്ധതി** , ഹയർ സെക്കന്ററി തലം മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി **നമ്മുടെ മരം** പദ്ധതി , ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്ത- |

ത്തോടും ,സഹകരണത്തോടും കൂടി **വഴിയോരത്തണൽ പദ്ധതി** എന്നിവ നടപ്പാക്കുന്നു.

2) പരിസ്ഥിതി അവബോധം വളർത്താനും ആഗോള താപനം ചെറുക്കാനും ലക്ഷ്യം വച്ചുകൊണ്ട് 2014 ജൂൺ 5 ന് 19.55 ലക്ഷം തൈകൾ ഒരുമണിക്കൂർ സമയത്തിനുള്ളിൽ നട്ടുപിടിപ്പിച്ചു-കൊണ്ട് **ഹരിതശ്രീ പദ്ധതി** നടപ്പിലാക്കി.

3) ഓരോവർഷവും ഒക്ടോബർ 2 മുതൽ· സ്കൂൾ-കോളേജ് വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും പങ്കെടുപ്പിച്ചു-കൊണ്ട് നടപ്പാക്കുന്ന വന്യജീവി വാരാഘോഷം പദ്ധതി യുടെ ഭാഗമായി സ്കൂൾ -കോളേജ് വിദ്യാർത്ഥികൾക്ക് **വനം വന്യജീവി സംരക്ഷണം , പരിസ്ഥിതി കാത്തുസൂക്ഷിക്കൽ** എന്നിവ സംബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും, അതുവഴി പരിസ്ഥിതി സംരക്ഷണ അവബോധം നൽകി വരികയും ചെയ്യുന്നു.

4) ഓരോ പഞ്ചായത്തിലും ജൈവ-വൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് **പ്രകൃതി മിത്ര** അവാർഡ് നൽകി വരുന്നു.

5) ജൈവവൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരി-ക്കുന്ന വിവിധ വ്യക്തികളെയും /സംഘടനകളെയും കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി രൂപീകരിച്ചിട്ടുള്ള **സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം**.

6) അങ്ങാടിക്കുരുവികളുടെ സംരക്ഷണത്തിനായി കവലകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ ചുമട്ടു തൊഴിലാളികൾ , പത്രപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി നടത്തിപ്പോരുന്ന **കുരുവിക്കൊരു കൂട്** പദ്ധതി.

7) പ്രകൃതി സംരക്ഷണത്തിന് ഭാവി തലമുറയെ (സ്കൂൾ വിദ്യാർത്ഥികൾ) സജ്ജമാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ രൂപീകരിച്ച **ഇക്കോ കേഡറ്റ് കോർപ്പ്സ്**.

8) വിദ്യാർത്ഥികളിൽ പക്ഷിനിരീക്ഷണത്തിലും , ചിത്രശലഭ നിരീക്ഷണത്തിലും താൽപ്പര്യം വളർത്തുന്നതിനായുള്ള **ബേർഡിംഗ് ബേഡ്ഡീസ്** പദ്ധതി.

9) ലഭ്യമായ സ്വകാര്യഭൂമികളിലും , പൊതുസ്ഥലങ്ങളിലും ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കി വരുന്ന **കുട്ടിവനം**

10) വരും തലമുറയ്ക്ക് ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള **ഹെർബൽ ഗാർഡൻ.**

11) തുറസ്സായ സ്ഥലങ്ങൾ ഹരിതാഭമാക്കുന്നതിനുവേണ്ടിയും വംശനാശ ഭീഷണി നേരിടുന്ന ചിലയിനം വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള "**നക്ഷത്രവനം**" പദ്ധതി.

12) കാലാവസ്ഥാ വ്യതിയാനം, ഖരമാലിന്യം എന്നിവ ഉയർത്തുന്ന ഭീഷണിയിൽ നിന്നും രക്ഷ നേടാനായി പൊതുജനപങ്കാളിത്തത്തോടുകൂടിയുള്ള **'പ്രകൃതി**

**പരിപാലകൻ പദ്ധതി**".

13) വനം വന്യ ജീവി സംരക്ഷണത്തെക്കുറിച്ചും പ്രകൃതി സംരക്ഷണത്തെക്കുറിച്ചും വിദ്യാർത്ഥികളിലും, യുവാക്കളിലും അവബോധം വളർത്തു ന്നതിനായുള്ള പഠന ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു.

14) വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും വനത്തെയും വന്യജീവികളെയും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ഉൾപ്പെടുത്തി ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രദർശന സ്റ്റാളുകൾ.

15) വനദർശനം പ്രോത്സാഹിപ്പിക്കുന്നതിനായി പൊതുജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്കായി **ഗ്രീൻ പാസ്പോർട്ട് പദ്ധതി.**

ബി) ഇക്കോ കേഡറ്റ് പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ടോ;

ബി) ഉണ്ട്.

സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട്;

സി) പ്രകൃതി സംരക്ഷണ അവബോധം വളർത്തി ഉത്തരവാദപ്പെട്ട പ്രകൃതി പരിപാലകരാകാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

ആദ്യഘട്ടത്തിൽ ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിൽ നിന്നുള്ള 50 സ്കൂളുകളിലെ 1000 വിദ്യാർത്ഥികളെ ഇക്കോ കേഡറ്റുകളായി തെരഞ്ഞെടുത്തു. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

ഡി) വിദ്യാർത്ഥിളിലും പൊതുസമൂഹത്തിലും പരിസ്ഥിതി സംരക്ഷണ അവബോധം വളർത്തിയെടുക്കുന്നതിന് അനുയോജ്യമായ പുതിയ പദ്ധതികൾ

നടപ്പിലാക്കാവുന്നതാണ്. സ്കൂൾ തലത്തിൽ 1000 ഫോറസ്റ്റി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 14 ജില്ലകളിലും ടിസ്ട്രിക്ട്

| | |
|---|---|
| ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | ഫോറസ്ട്രി എക്സ്റ്റൻഷൻ & ഇൻഫർമേഷൻ സെന്റർ (**ഡി. എഫ്. ഇ. ഐ. സി**) ശക്തിപ്പെടുത്തുന്ന നടപടിയും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ